**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6081** **17-03-2023 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജ് സബ് ട്രഷറി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിന്റെ അധീനതയിലുള്ള തൃശ്ശൂർ താലൂക്ക് വെളപ്പായ വില്ലേജിൽ റീസർവ്വേ നമ്പർ 12/10 ലെ 12 സെന്റ് സ്ഥലം മെഡിക്കൽ കോളേജ് സബ് ട്രഷറിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി വിട്ടുനൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ തൃശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 12 സെന്റ് ഭൂമി റവന്യൂ വകുപ്പിൽ ഉടമസ്ഥാവകാശം നിലനിർത്തിക്കൊണ്ട് ട്രഷറി വകുപ്പിന് അനുവദിച്ച് 28/07/2020 ന് ബന്ധപ്പെട്ട ജില്ലാ കളക്ടർ ഉത്തരവാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി ട്രഷറി വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ? | (ബി) | നിവേദനം ട്രഷറി വകുപ്പിൽ ലഭിച്ചിട്ടുണ്ട്. "വടക്കാഞ്ചേരി മണ്ഡലത്തിലെ തൃശൂർ മെഡിക്കൽ കോളേജ് ട്രഷറി കെട്ടിട നിർമ്മാണത്തിനായി പുതിയ അക്രെഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ട്രഷറി വകുപ്പ് സ്വീകരിച്ചുവരുന്നു. പുതിയ അക്രെഡിറ്റഡ് ഏജൻസിയെ തിരഞ്ഞെടുക്കുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. നിവേദകന് ട്രഷറി ഡയറക്ടറുടെ 21.12.2022 ലെ കത്തു മുഖേന മറുപടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ